ഡാക്ടർ കെ. എം. ചാക്കോ : ഇടുക്കി പദ്ധതിയിൽനിന്നും പെരിയാറിലേക്ക് വെള്ളം ഡൈവർട്ടുചെയ്യുമ്പോൾ അതിന്റെ താഴെയുള്ള പ്രദേശങ്ങൾക്കും ആലുവാ പ്രദേശത്തിനും സഹായകമായിരിക്കയില്ലേ ?

ശ്രീ. ഈ. പി. പൗലോസ് : അതുകൊണ്ടാണ് അങ്ങനെ ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുന്നത്. അവസാന തീരുമാനം ആയിട്ടില്ലെന്നേ ഉള്ളൂ.

എസ്റ്റേറ്റുകൾ

* 859. [27] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ഉടമസ്ഥതയിൽ ഏതെല്ലാം ഇനത്തിൽപെട്ട എസ്റ്റേറ്റുകൾ ഉണ്ട് ;

(ബി) റബ്ബർമരം മാത്രം നട്ടുവളർത്തിയിട്ടുള്ള എസ്റ്റേറ്റുകൾ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏവിടെ ; എത്ര ഏക്കർ ;

(ഡി) കഴിഞ്ഞ മുന്നു കൊല്ലത്തിനുള്ളിലായി അതിൽനിന്നും ഗവണ്മെന്റിലേക്കുള്ള വരവെത്ര ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എസ്റ്റേറ്റുകളൊന്നുമില്ല. പ്ലാന്റേഷൻ കാർപ്പറേഷന്റെ കീഴിൽ റബ്ബർ എസ്റ്റേറ്റുകൾ ഉണ്ട്.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഈ. ബലറാം : കൊട്ടമണ്ണിൽ റബ്ബർതോട്ടമുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ഈ. പി. പൗലോസ് : അത് ഫാമസ്സിന്റെ ഡിപ്പാർട്ടുമെന്റിലാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗവണ്മെന്റ് ഉടമസ്ഥതയിൽ ഉണ്ടോ എന്നാണ് ചോദിച്ചിട്ടുള്ളത്. മലബാറിൽ ആറ്റുതോട്ടവും ഗവണ്മെന്റുടമയിലുണ്ട്.

ശ്രീ. ഈ. പി. പൗലോസ് : എന്റെ അടുക്കൽ ചോദ്യം വന്നതുകൊണ്ട് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇല്ലെന്നു ഞാൻ പറഞ്ഞതാണ്. പൊതുവേ ചോദിച്ചതാണെങ്കിൽ വിവരം ശേഖരിക്കാൻ അതാതു ഡിപ്പാർട്ടുമെന്റിനു് അവസരം കൊടുക്കണം.

മരാമത്തു ഡിവിഷനുകളും അവയുടെ അതിർത്തിയിലുള്ള റോഡുകളും.

* 860. [28] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുമരാമത്തു ഡിവിഷനുകളുടെ പേരും, ഓരോന്നിലും ഉൾപ്പെട്ട പ്രദേശവും, ഓരോന്നിന്റെയും അധികാരാതിർത്തിയിൽപെട്ട റോഡുകളുടെ നീളവും എത്രയാണ് എന്നു് വിവരിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ബി) 1963–64–ൽ ഓരോ ഡിവിഷനിലും ചെലവാക്കിയ സംഖ്യ എത്ര ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) † മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1964 ഫെബ്രുവരി അവസാനം വരെ റോഡുകൾക്കു ചെലവായ തുക കാണിക്കുന്ന സ്റ്റേറ്റുമെന്റ് † മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly